പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## പി.എം.ജി.എസ്.വൈ (PMGSY) റോഡുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3181 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജോർജ് എം. തോമസ്** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ഒരു റോഡിനും അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | തിരുവമ്പാടി മണ്ഡലത്തിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട പി.എം.ജി. എസ്.വൈ റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | കൊടുവള്ളി ബ്ലോക്കിൽ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പി.എം.ജി.എസ്.വൈ-II ബാച്ച് രണ്ടിൽ ഉൾപ്പെട്ട കെ.ആർ 08-65, പള്ളിപ്പടി-തോട്ടുമൂഴി റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിൽ സമർപ്പിച്ച 70 റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ പരിശോധന അന്തിമ ഘട്ടത്തിലാണ്. 2017 ആഗസ്റ്റ് മാസം 13, 14 തീയതികളിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക സംഘം പരിശോധന നടത്തിയിട്ടുണ്ട്. ഉടൻതന്നെ പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**